പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4776 | 18.12.2014-ൽ മറുപടിക്ക്

## ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം വില്ലേജ് വർക്കല താലൂക്കിനോട് ചേർത്തത്

**ചോദ്യം**

**ശ്രീ. ബി. സത്യൻ**

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ) ആറ്റിങ്ങൾ മണ്ഡലത്തിൽ കരവാരം പഞ്ചായത്തിലെ കരവാരം വില്ലേജ് വർക്കല താലൂക്കിനോട് ചേർത്തതിനെ തുടർന്ന് ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്റെ പേരിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; ഒരു പഞ്ചായത്തിലെ രണ്ട് വില്ലേജുകൾ രണ്ട് താലൂക്കിലും, രണ്ട് നിയോജകമണ്ഡലങ്ങളിലും (ആറ്റിങ്ങൽ, വർക്കല) ആയതിനാൽ കരവാരം വില്ലേജ് ചിറയിൻകീഴ് താലൂക്കിനോട് കൂടി ചേർക്കാൻ വേണ്ട നിർദ്ദേശം കൊടുക്കാമോ; കാട്ടാക്കട പുതിയ താലൂക്കിൽ ഉൾപ്പെടുത്തിയിരുന്ന വെള്ളനാട് വില്ലേജിനെ പിന്നീട് ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ?

(എ) നിലവിൽ വർക്കല താലൂക്കിൻ കീഴിലുള്ള കരവാരം വില്ലേജും ചിറയിൻകീഴ് താലൂക്കിന് കീഴിലുള്ള ആലംകോട് വില്ലേജും ഉൾപ്പെടുന്നതാണ് കരവാരം ഗ്രാമപഞ്ചായത്ത്. ഒരു പഞ്ചായത്തിലെ നിവാസികൾ ഒരേ കാര്യത്തിനായി രണ്ട് താലൂക്കുകളിൽ പോകേണ്ട സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. പൊതുജനങ്ങൾക്ക് യാത്രാസൗകര്യം ഉള്ളത് ചിറയിൻകീഴ് താലൂക്കിൽ പോകുന്നതിനാണ്. കൂടാതെ താലൂക്ക് സഭ കൂടുന്ന അവസരത്തിൽ ഒരേ വിഷയം രണ്ട് താലൂക്കിലും ഉന്നയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. മേൽ വിഷയത്തിന്മേലുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ഉണ്ട്. പുതിയ കാട്ടാക്കട താലൂക്കിൽ ഉൾപ്പെട്ടിരുന്ന വെള്ളനാട് വില്ലേജിനെ നെടുമങ്ങാട് താലൂക്കിൽ നിലനിർത്തി ഉത്തരവായിട്ടുണ്ട്. ആയതിന്റെ ഗസറ്റ് വിജ്ഞാപനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ